## 2010 ഫെബ്രുവരി 28

# മ്ശറിയോ ഞായർ

# വലിയനോമ്പിലെ മൂന്നാം ഞായർ

## മത്താ 9:1–8

ഫാ. പ്രഭീഷ് ജോർജ്ജ്

സമാന്തരസുവിശേഷങ്ങൾ ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്ന യേശു പ്രവർത്തിച്ച ഒരത്ഭുതമാണ് നാമിന്ന് വായിച്ചുകേട്ട വേദഭാഗം. യേശു സ്വന്തം പട്ടണത്തിലേയ്ക്ക് കടന്നുവരുമ്പോൾ, തളർവാതം പിടിപെട്ട ഒരുവനെ നാലുപേർ ചേർന്ന് യേശുവിന്റെ അടുക്കൽക്കൊണ്ടുവരികയും അവൻ രോഗസൗഖ്യം പ്രാപിക്കുകയും ചെയ്യുകയാണ്. വലിയനോമ്പിന്റെ മൂന്നാമത്തെ ഞായറാഴ്ചയായ ഇന്ന് നമുക്ക് ഈ വേദഭാഗം നൽകിയതിലൂടെ തിരുസഭ നമ്മുടെ ചിന്തകളെ വിശുദ്ധീകരിച്ച് ക്രിസ്തുവിന്റെ മഹത്വത്തിൽ പങ്കുചേരാൻ നമ്മെ ക്ഷണിക്കുകയാണ്. യേശുക്രിസ്തുവിന്റെ മലയിലെ പ്രബോധനങ്ങളെ തുടർന്നു നടക്കുന്ന അത്ഭുതങ്ങളുടെ ഭാഗമായിട്ടാണ് വി. മത്തായി ശ്ലീഹാ ഈ ഭാഗം സുവിശേഷത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. മനുഷ്യരിൽ ആവസിച്ചിരുന്ന പിശാചുക്കളെ പന്നിക്കളിലേയ്ക്കയച്ചുകൊണ്ട് പിശാചുബാധിതരെ സുഖപ്പെടുത്തിയ യേശുവിനെ ഗദറായരുടെ നാട്ടുകാർ ഭയത്തോടെയാണ് വീക്ഷിച്ചത്. മനുഷ്യരെക്കാൾ പന്നിക്കൂട്ടങ്ങളെ വിലമതിച്ച അവർക്ക് ക്രിസ്തുവിന്റെ അത്ഭുതം ഭൗതീകമായി വലിയൊരു നഷ്ടമായി. അതിനാൽ ക്രിസ്തുവിലെ ദൈവീക ശക്തി തിരിച്ചറിയാൻ കഴിയാതെ അവർ അവനെ തിരസ്ക്കരിക്കുകയാണ്. അതിനെത്തുടർന്ന് യേശു സ്വദേശത്ത് എത്തിച്ചേരുന്നു. ഈ വേദഭാഗത്ത് മൂന്നു ഗണത്തിൽപ്പെട്ട ആളുകളെയാണ് നാം കാണുന്നത്.

വിശ്വാസത്തോടുകൂടി യേശുവിന്റെ അടുക്കൽവന്ന് അനുഗ്രഹത്തിന്റെ അടയാളം കണ്ടിട്ട് മടങ്ങിപ്പോയ അഞ്ചുപേരാണ് ആദ്യഗണത്തിൽപ്പെട്ടത്. വിശ്വാസികളായ നാലുപേരുടെ ചുമലിലേറിയാണ് അഞ്ചാമൻ യേശുവിന്റെ അടുക്കൽവരുന്നത്. മൂന്നുസുവിശേഷങ്ങളിലും രോഗിയെ കിടക്കയോടുകൂടി കൊണ്ടുവന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രോഗത്താൽ തളർന്നുപോയവൻ, സ്വയം എഴുന്നേറ്റുനിൽക്കാനോ സ്വന്തമായി എന്തെങ്കിലും ചെയ്യാനോ സാധിക്കാത്ത അവൻ വിശ്വാസികളായ നാലുപേരുടെ സഹായത്തോടെയാണ് യേശുവിന്റെ അടുക്കൽ വരുന്നത്. തളർവാതം പിടിപെട്ട അവന് സൗഖ്യം നൽകാൻ യേശുവിന് സാധിക്കും എന്ന ഉറച്ച വിശ്വാസമാണ് അവനെ വളരെ പ്രയാസപ്പെട്ട് യേശുവിന്റെ അടുക്കൽ കൊണ്ടുവരാൻ അവന്റെ സുഹൃത്തുക്കളെ പ്രേരിപ്പിച്ചത്. കാരണം. യേശുവിലുള്ള ശക്തി വെറും മാനുഷികം മാത്രമല്ല, മറിച്ച് ദൈവീകമായ ശക്തിയാണെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. അവൻ മനുഷ്യരൂപത്തിലാണെങ്കിലും പ്രവർത്തിക്കുന്നത് ദൈവത്തിന്റെ പ്രവർത്തിക്കളാണെന്ന് കാണാനുള്ള വിശ്വാസകണ്ണ് അവർക്കുണ്ടായിരുന്നു. അവരുടെ തീക്ഷ്ണമായ വിശ്വാസംകണ്ട് കർത്താവ് അവനെ സുഖപ്പെടുത്തുന്നു. അവർ ദൈവത്തിന്റെ പ്രവർത്തികണ്ട് മടങ്ങിപ്പോകുന്നു.

യേശുചെയ്ത അത്ഭുതംകണ്ട് വിശ്വാസത്തോടെ ദൈവത്തെ മഹത്വപ്പെടുത്തിയ ജനക്കൂട്ടമാണ് രണ്ടാമത്തെ ഗണം. യാതൊരുവിധമായ ഉദ്ദേശങ്ങളും കൂടാതെ യേശുവിന്റെ പ്രബോധനം കേൾക്കാൻ വന്ന ഒരു വലിയ ആൾക്കൂട്ടമാണിത്. ഗലീലിയിലുടനീളം ചുറ്റിസഞ്ചരിച്ചിരുന്ന യേശു പ്രവർത്തിച്ച വലിയകാര്യങ്ങൾ കേട്ടിരുന്നെങ്കിലും നഗ്നനേത്യങ്ങൾകൊണ്ട് അത് കണ്ടപ്പോൾ അവന്റെ ശക്തിയെക്കുറിച്ച് അത്ഭുപ്പെട്ട സാധാരണക്കാരായ അവർ ദൈവത്തെ മഹത്വപ്പെടുത്തുകയാണ്. കാരണം, മനുഷ്യർക്ക് പാപം മോചിക്കാനും തളർവാതരോഗിയെ സൗഖ്യപ്പെടുത്താനുമുള്ള അധികാരം നൽകിയ ദൈവത്തിന്റെ കാരുണ്യം അവർ ദർശിക്കുകയാണ്. പക്ഷേ ദൈവപുത്രനായ ക്രിസ്തുവിലുള്ള അടിയുറച്ച ഒരു വിശ്വാസത്തിലേയ്ക്ക് വരാൻ അവർക്കു സാധിക്കുന്നില്ല.

ജറുസലേമിൽ നിന്ന് 80 മൈലുകളോളം യാത്രചെയ്ത് ക്രിസ്തുവിന്റെ അടുക്കലെത്തിയ ഫരിസേയരും നിയമജ്ഞരുമാണ് മൂന്നാമത്തെ കൂട്ടർ. ഇത്രദൂരം യാത്രചെയ്യുക അന്നത്തെ സാഹചര്യത്തിൽ വളരെ പ്രയാസമേറിയ കാര്യമാണ്. പക്ഷേ, വളരെ ത്യാഗത്തോടെ അവർ യേശുവിന്റെ പട്ട

ണമായ കഫർണാമിൽ എത്തിയതിന് ഒരു കാരണമുണ്ടായിരുന്നു. യേശുവിൽ കുറ്റം കണ്ടെത്തുക. അവൻ ചെയ്യുന്ന ഏതെങ്കിലും പ്രവർത്തിയോ അവന്റെ പഠിപ്പിക്കലുകളോ ദൈവദൂഷണമാണോ എന്ന് കണ്ടെത്താനാണ് അവർ യേശുവിനെ സമീപിക്കുന്നത്. ദുഷ്ചിന്തകളോടെയാണ് അവർ യേശുവിന്റെ പ്രബോധനം കേട്ടതും അവന്റെ പ്രവർത്തികൾ കണ്ടതും. ക്രിസ്തുവിലുള്ള വിശ്വാസമല്ല, മറിച്ച് തങ്ങളുടെ ഗൂഢലക്ഷ്യങ്ങളായിരുന്നു യേശുവിന്റെ സന്നിധിയിലേയ്ക്ക് അവരെ നയിച്ചത്.

യേശു, തളർവാതരോഗിയെ സുഖപ്പെടുത്തുമ്പോൾ അതിന്റെ നന്മ കാണാനോ, ക്രിസ്തുവിൽ വിശ്വസിക്കാനോ അവർക്ക് കഴിയാതെ പോകുന്നു. തന്മൂലം, അവർ ദൈവത്തെ മഹത്വപ്പെടുത്തുകയല്ല, മറിച്ച്, പരസ്പരം പിറുപിറുക്കുകയാണ്. ഹൃദയത്തിന്റെ തികവിൽ നിന്നാണല്ലോ അധരങ്ങൾ സംസാരിക്കുന്നത്. ഹൃദയാന്ധത ബാധിച്ച അവർക്ക് മറ്റുള്ളവരെക്കുറിച്ച് നന്മ ചിന്തിക്കാനോ പറയാനോ സാധിക്കുന്നില്ല. ഒരു പക്ഷേ അവർ മടങ്ങിപ്പോയത്, തളർവാതരോഗിയെ കൊണ്ടുവന്നവരെപ്പോലെയോ, സാധാരണ ജനങ്ങളെപ്പോലെയോ ആയിരുന്നില്ല. അടയാളങ്ങൾ കണ്ടിട്ടും വിശ്വസിക്കാനാവാത്തവിധം അന്ധതബാധിച്ചവരായി അവർ വന്നു, അതുപോലെ മടങ്ങിപ്പോയി.

പ്രിയ സഹോദരങ്ങളെ, ഈ മൂന്നുകൂട്ടരെയും ക്രിസ്തു കാണുന്നുണ്ട്. വിശ്വാസത്തോടെ വന്നവരെ ക്രിസ്തു നോക്കുമ്പോൾ അത് അനുഗ്രഹമായി മാറുന്നു. നിഷ്കളങ്കരായി വന്നവർക്ക് ക്രിസ്തുവിന്റെ നോട്ടം ദൈവത്തിലേയ്ക്കുള്ള ഒരു ക്ഷണമായിരുന്നു. വിശ്വാസത്തിൽ വളരാനുള്ള ഒരു വലിയ ആഹ്വാനം. അതിനാൽ അവർ ദൈവത്തെ മഹത്വപ്പെടുത്തി. എന്നാൽ ദുഷ്ബുദ്ധിയോടെ ക്രിസ്തുവിന്റെ അടുക്കൽ വന്നവർക്ക് ക്രിസ്തുവിന്റെ നോട്ടം വലിയൊരു ഭാരമായി മാറുകയാണ്. ഹൃദയം കൂടുതൽ കഠിനമാക്കി അവർ മടങ്ങിപ്പോകുന്നു. അവർ കാണാതെ പോയത് ക്രിസ്തുവിന്റെ അത്ഭുതമല്ല. മറിച്ച്, "മനുഷ്യർക്ക് ഇത്തരം അധികാരം നൽകിയ ദൈവത്തിന്റെ" കാരുണ്യമാണ്; അതായത്, അപരനിലെ നന്മയാണ്.

നോമ്പ് ദൈവത്തോട് അടുത്തായിരിക്കാനുള്ള കാലമാണ്. ദൈവത്തിന്റെ അടുത്തേയ്ക്ക് കടന്നുവരാനായി നാം കൂടുതലായി പരിശ്രമിക്കുന്ന കാലഘട്ടം. ഇവിടെ നാം അനുഷ്ഠിക്കുന്ന ഈ നോമ്പ് വിശ്വാസത്തോടെയാണോ എന്ന് ഒരുനിമിഷം ചിന്തിച്ചു നോക്കുക. മഹാഭൂരിപക്ഷം വരുന്ന ജനക്കൂട്ടത്തെപോലെ ഉദ്ദേശലക്ഷ്യങ്ങൾ കൂടാതെയാണ് നാം നോമ്പനുഷ്ഠിക്കുന്നതെങ്കിൽ ഈ അമ്പതു ദിവസത്തെ അദ്ധ്വാനം വ്യർത്ഥമായി തീരുന്നു. നിയോഗശുദ്ധിയില്ലാത്ത ആചാരനാനുഷ്ഠാനങ്ങൾ വെറും കർമ്മങ്ങൾ മാത്രമാണ്. അതിനാൽ നമ്മുടെ നിയോഗങ്ങളെക്കുറിച്ച് ചിന്തിക്കുക. മറ്റുള്ളവരിലെ നന്മകാണാനുള്ള വിശ്വാസത്തിന്റെ കണ്ണുള്ളവർക്കുമാത്രമെ അർത്ഥപൂർണമായി നോമ്പനുഷ്ഠിക്കാൻ സാധിക്കുകയുള്ളൂ. നന്മയുടെ തിരിനാളം കെടുത്തിക്കളയുന്ന ഈ ലോകത്തിൽ അതിന്റെ പ്രകാശം പരത്തുവാൻ ദൈവനിയോഗം ലഭിച്ചവരാണ് നാം. അതിന് നമ്മെ ബലപ്പെടുത്തുന്ന അനുഗ്രഹീത ദിവസങ്ങളാണ് നോമ്പിന്റെ ദിനങ്ങൾ. ഇവിടെ ക്രിസ്തുവിലേയ്ക്ക് അടുത്തുവരാനുള്ള പരിശ്രമം അനിവാര്യമാണ്. പാപമോചനവും രോഗസൗഖ്യവും പ്രാപിക്കുന്നത് വിശ്വാസത്തോടെ ക്രിസ്തുവിനെ സമീപിക്കുമ്പോഴാണ്. നോമ്പിന്റെ ഈ കാലഘട്ടത്തിൽ വിശ്വാസത്തോടെ ക്രിസ്തുവിനെ സമീപിച്ച് പാപമോചനം നേടി, രോഗസൗഖ്യം നാം പ്രാപിക്കണം.

ഇന്നത്തെ വേദഭാഗം നൽകുന്ന വലിയൊരു സാമൂഹ്യസന്ദേശമുണ്ട്. രോഗിയായ ഒരുവനെ ചുമലിലേറ്റി ക്രിസ്തുവിന്റെ അടുക്കലേയ്ക്ക് കൊണ്ടുവരുന്ന ആ നാലു സുഹൃത്തുക്കളും നമുക്ക് മാതൃകയാണ്. ഈ സമൂഹത്തിലെ ദുരിതമനുഭവിക്കുന്ന അവശതയിലായിരിക്കുന്നവരെ ക്രിസ്തുവിന്റെ അടുക്കലേയ്ക്ക് കൊണ്ടുവരാനുള്ള ദൈവീകനിയോഗം നാം ഏറ്റെടുക്കണം. ആവശ്യക്കാരെ മുന്നിൽ നിന്ന് വഴിമാറി നടക്കുന്നവരായി നാം തീരരുത്. നഷ്ടപ്പെട്ടതിനെയും ചെറിയവനെയും തേടിവന്ന ക്രിസ്തുവിന്റെ മനോഭാവം നാം സ്വന്തമാക്കണം. ആവശ്യക്കാരുടെ മുമ്പിൽ നമുക്ക് സ്വന്തമായത് പങ്കുവയ്ക്കുമ്പോൾ നമ്മുടെ ഉപവാസം, ക്രിസ്തുവിനോട് ഉപ-വസിക്കലായി (അടുത്ത് വസിക്കലായി) തീരുന്നു. മറ്റുള്ളവരിലെ നന്മകാണാനും നമുക്കുള്ളവ മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള ഹൃദയവിശാലത തരേണമെന്ന് ഈ നോമ്പിൽ നാം പ്രാർത്ഥിക്കണം. അതിനായി പരിശ്രമിക്കണം. ഇവിടെ ദൈവത്തിന്റെ മനസുമാറ്റാനല്ല, മറിച്ച് നമ്മുടെ മനോഭാവം മാറ്റാനാണ് നാം നോമ്പനുഷ്ഠിക്കേണ്ടത്. അതിനായി നാം നിരന്തരം പ്രാർത്ഥിക്കണം.

**********************************